## ഇടുക്കി ജില്ലയിൽ കൊക്കയാർ വില്ലേജിൽ ഉണ്ടായ ഉരുൾപൊട്ടൽ സംബന്ധിച്ച റിപ്പോർട്ട്.

ഇടുക്കി ജില്ലയിലെ കൊക്കയാർ വില്ലേജിൽ ഏന്തയാർ വടക്കേമല ഭാഗത്ത് ഉണ്ടായ ഒൻപതോളം ഉരുൾ പൊട്ടിയ സ്ഥലങ്ങൾ പരിശോധിച്ചു. ഉറുമ്പിക്കര ഏന്തയാർ ഭാഗങ്ങളിൽ ചരിവ് കൂടുതലുള്ള മലഞ്ചെരുവുകളിൽ റോഡിനോട് ചേർന്നാണ് ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുള്ളത്. പ്രധാനമായും ചരിവു കൂടുതലുള്ള സ്ഥലങ്ങളിലും, നീർചാലിലോ നീർചാലിനോട് ചേർന്ന സ്ഥലത്തോ ആണ് ഉരുൾപൊട്ടൽ ഉണ്ടായിട്ടുള്ളത്. ഏന്തയാർ ഭാഗത്ത് ഉണ്ടായ ഉരുൾപൊട്ടൽ KSDMA പുറത്തുവിട്ട ഉരുൾപൊട്ടൽ സാധ്യത മേഖലകളിലെ റെഡ്സോണിലും ഉറുമ്പിക്കര ഭാഗത്തുണ്ടായ ഓറഞ്ച് സോണിലുമാണ്. പരിശോധിച്ച സ്ഥലങ്ങളുടെ ഭൗമ സ്ഥാനങ്ങൾ താഴെ കാണും പ്രകാരമാണ്.

| ക്രമ.നം. | ഭൗമസ്ഥാനം/സ്ഥലം | റിമാർക്സ് |
|---|---|---|
| 1 | ഏന്തയാർ ഈസ്റ്റ്<br>N 9°37'26.74"<br>E 76°53' 34.52" | പുഴയുടെ തീരത്ത് വ്യാപകമായി തീരശോഷണവും കുത്തനെയുള്ള കുന്നിൻ ചെരുവിൽ നിന്നും ഉരുൾപൊട്ടലും നടന്നിരിക്കുന്നു |
| 2 | ഏന്തയാർ ഈസ്റ്റ്<br>കലുങ്കുപാലം<br>N 9°37'12.58"<br>E 76°54' 10.31" | റെഡ്സോൺ , പല ഭാഗങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. |
| 3 | മുക്കുളം<br>N 9°36' 49.2"<br>E 76°54' 12.47" | കുന്നിൻ ചെരിവ്<br>റെഡ് സോൺ |
| 4 | പാപ്പാനി പാലത്തിനു സമീപം<br>N9°36'50.9"<br>E 76°54' 30.7" | റെഡ് സോണിനു സമീപം, നീർച്ചാൽ-തീരശോഷണം നടക്കുന്ന ഭാഗം - പുഴ തീരത്ത് വീട് പൂർണ്ണമായി തകർന്നിരിക്കുന്നു. |
| 5 | വെബ്ലി ഉറുമ്പിക്കര റോഡ്<br>9°36'22.6"<br>N 76°54' 12.6" | Steep hillside വ്യാപകമായി മണ്ണിടിച്ചിൽ ഉണ്ടായിട്ടുണ്ട് |
| 6 | ഗൈറ റിസോർട്ട്<br>N9°36'24.1"<br>E 76°54' 51.8" | റിസോർട്ടിനുവേണ്ടി കുന്നിൻ ചെരിവിൽ മണ്ണിടിച്ച് നികത്തി ലാൻഡ് ഡെവലപ്മെന്റ് നടത്തിയിരിക്കുന്നു. |
| 7 | ഉറുമ്പി TNS റോഡ് ഭാഗം<br>N9°36'13.3"<br>E 76°53'6.5" | ചെരിവിൽ ജല പ്രവാഹത്തിൽ ചെക്ക് ഡാം പണിതതായി കാണുന്നു. |
| 8 | ഉറുമ്പിക്കുന്ന് സംഗമം Jn<br>N9°35'48.6"<br>E 76°55'7.7" | ഓറഞ്ച് സോൺ, ചെരിവിൽ കുളം നിർമ്മിച്ചിരിക്കുന്നു. |
| 9 | പൂവഞ്ചി (മാക്കൊച്ചി കൊടികുത്തി (പാച്ചുപടി<br>N9°35'38.32"<br>E 76°55' 17.32" | ഓറഞ്ച് സോൺ, കുത്തനെ ചരിവുള്ള ഭാഗം ഉരുൾപൊട്ടൽ നടന്ന് ജീവഹാനി നടന്ന സ്ഥലം കുന്നിൻ മുകളിൽ പാറക്കെട്ടിൽ നിന്നാണ് landslideന്റെ ഉത്ഭവസ്ഥാനം ( crown) |

| | | |
|---|---|---|
| 10 | മലയാളം പ്ലാന്റേഷൻ ഭാഗം<br>N9°33'55.46"<br>E 76°54' 23.04" | ഓറഞ്ച് സോൺ, മണ്ണിടിച്ചിൽ നടന്ന ഭാഗം |
| 11 | പേവാർഡ് റോഡ്<br>N9°34'15.28"<br>E 76°55' 45.58" | ഓറഞ്ച് സോൺ, രണ്ട് നീർച്ചാലുകളുടെ ഇടഭാഗത്ത് land slide |
| 12 | ആഴങ്ങാട് അടിവാട് റോഡ്<br>KSEB ടവർ ഭാഗം<br>N9°34'2.14"<br>E 76°56' 43.44" | ഓറഞ്ച് സോൺ, ടവറിനോട് ചേർന്ന് മണ്ണിടിച്ചിൽ നടന്നതിനാൽ അപകടഭീഷണി |
| 13 | അട്ടിക്കളം റോഡ്<br>N9°34'47.15"<br>E 76°56' 77.13" | ഓറഞ്ച് സോൺ, കുന്നിൻചെരുവിൽ പല ഭാഗങ്ങളിലും ഉരുൾപൊട്ടൽ |
| 14 | അട്ടിക്കളം ഭാഗം<br>N9°34'52.42"<br>E 76°56' 17.37" | ഓറഞ്ച് സോൺ, വലിയതോതിൽ രണ്ട് ദിശകളിൽ നിന്ന് Land slide നടന്നിരിക്കുന്നു. |
| 15 | കനകപുരം<br>N9°36'36.92"<br>E 76°53' 35.04" | ഓറഞ്ച് സോണിനു സമീപം, കനകപുരം റബർ തോട്ടത്തിൽ നിന്ന് ഉരുൾപൊട്ടി പുല്ലകയാറ്റിൽ വീണിരിക്കുന്നു. |
| 16 | കുന്നുപുറം ST കോളനി<br>N9°34'12.70"<br>E 76°56' 25.05" | ഓറഞ്ച് സോണിനു സമീപം, കേളൻ തട്ടുപറമ്പിൽ വക സ്ഥലത്ത് ഉയർന്ന ഭാഗത്ത് സ്ഥിതിചെയ്യുന്ന കല്ല് പരിശോധിച്ചതിൽ നിലവിൽ കല്ല് ഉറച്ചാണിരിക്കുന്നത്. സ്ഫോടന രഹിതമായി പൊട്ടിക്കാവുന്നതാണ്. നിലവിൽ ഭീഷണിയില്ല. |

മേൽ സ്ഥലങ്ങളിൽ ഭൂരിഭാഗവും KSDMA തയ്യാറാക്കിയ ഉരുൾപൊട്ടൽ സാധ്യതാ മേഖലകളിൽ ഉൾപ്പെടുന്നു. ആയതിനാൽ മേൽ പറഞ്ഞ സ്ഥലങ്ങളിൽ കുത്തനെയുള്ള ചരിവുകളിൽ വീട് വെച്ച് താമസിക്കുന്നത് ഉചിതമായി കാണുന്നില്ല. നിലവിലുള്ള വീട്ടുകാർ ശക്തമായ മഴസമയങ്ങളിൽ സുരക്ഷിതമായ സ്ഥാനത്തേയ്ക്ക് മാറേണ്ടതാണ്. ഉരുൾപൊട്ടൽ സംബന്ധിച്ച് ശാസ്ത്രീയമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉള്ള നോഡൽ ഏജൻസി ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയാണ്. കൂടാതെ തിരുവനന്തപുരം ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) ഇതു സംബന്ധിച്ച് വിശദമായ പഠനങ്ങൾ നടത്താറുള്ളതാണ്. അതിനാൽ കൊക്കയാർ, കൂട്ടിക്കൽ ഭാഗങ്ങളിൽ നടന്ന ഉരുൾപൊട്ടലുകൾ സംബന്ധിച്ച് മേൽ സ്ഥാപനങ്ങളുടെ പഠനം ഉചിതമാണെന്ന് അറിയിക്കുന്നു. ഈ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കായി റിപ്പോർട്ട് ചെയ്യുന്നു.

ജിയോളജിസ്റ്റ്, ഇടുക്കി.

പകർപ്പ്:-

1. റവന്യൂ ഡിവിഷണൽ ഓഫീസർ
   ഇടുക്കി
2. സെക്രട്ടറി
   കൊക്കയാർ ഗ്രാമ[illegible]യത്ത്